നം. CEE/4050/2016/KEAM_2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2017 ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം: പുതിയ അപേക്ഷകൾ ജൂൺ 11 വരെ

2017-18 അദ്ധ്യയന വർഷം കേരളത്തിലെ സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം സി.ബി.എസ്.ഇ ലഭ്യമാക്കുന്ന "നാഷണൽ എലിജിബിലിറ്റി–കം–എൻട്രൻസ് ടെസ്റ്റ്" (NEET-UG) 2017 സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും. കൂടാതെ അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും സി.ബി.എസ്.ഇ ലഭ്യമാക്കുന്ന നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും പ്രവേശനം നടത്തുന്നതാണ്. ഈ സാഹചര്യങ്ങളിൽ സംസ്ഥാനത്തെ എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ആഗ്രഹിക്കുന്നവരും നേരത്തേ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികൾ **2017 ജൂൺ 11 വൈകുന്നേരം 5 മണിയ്ക്കകം www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2017-New Application** എന്ന ലിങ്കിൽ പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവരും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നേരത്തേ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികളും ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചശേഷം അതിന്റെ പ്രിന്റൗട്ട് എടുത്ത് അനുബന്ധ രേഖകൾ സഹിതം **2017 ജൂൺ 12–ാം തീയതി വൈകുന്നേരം 5 മണി**യ്ക്കു മുൻപായി നേരിട്ടോ, രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, 5–ാം നില, ശാന്തിനഗർ, തിരുവനന്തപുരം–695001** എന്ന വിലാസത്തിൽ എത്തിക്കേതാണ്.

നേരത്തേ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകൾക്ക് വേണ്ടി (KEAM 2017) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുകയും, അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും സമർപ്പിക്കുകയും ചെയ്തിട്ടുള്ള അപേക്ഷകർക്ക് മെഡിക്കൽ കോഴ്സുകൾ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കാവുന്നതാണ്. മെഡിക്കൽ കോഴ്സിനോടൊപ്പം ആവശ്യമെങ്കിൽ ആർക്കിടെക്ചർ കോഴ്സ്, ഫാർമസി കോഴ്സ് (എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ 1–ന് യോഗ്യത നേടിയവർ മാത്രം) എന്നിവയും കൂട്ടിച്ചേർക്കുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. ഇതിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2017-Candidate Portal** ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് 'Add Course' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കോഴ്സുകൾ തിരഞ്ഞെടുക്കാവുന്നതാണ്. കേരളീയൻ, കേരളീയേതരൻ I–ാം വിഭാഗം എന്നിവർക്ക് മാത്രമേ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ.

കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും, പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും **11.06.2017 വൈകുന്നേരം 5 മണി** വരെ മേൽ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **03.06.2017** ലെ വിശദമായ വിജ്ഞാപനം കാണുക.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
09.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**